(സി) കൊല്ലം ജില്ലയിലെ പാരിപ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ടോമാകെയർ സംവിധാനത്തിനും ആയതിന്റെ കെട്ടിട നിർമ്മാണത്തിനുമായി ആകെ 3,89,34,585 രൂപയുടെ ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. അതോറിറ്റി നിയമ പ്രകാരം കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകുവാൻ സാധിക്കുകയില്ലായെന്ന് 26-12-2015-ന് കൂടിയ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സൂക്ഷ്മപരിശോധനാ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടംപണിതനുള്ള ഫണ്ടിൽ നിന്നും ചെയ്തതിനുശേഷം ടോമാകെയർ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് മാത്രമായുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ്

285 (2029) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-തൊട്ടിൽപാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് വടകര, കുറ്റ്യാടി,നാദാപുരം എം.എൽ.എ.-മാർ സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ ചെയിൻ സർവ്വീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന ബഹു. എം. എൽ. എ.-മാരുടെ ആവശ്യത്തിന്മേൽ സാധ്യതാപഠനം നടത്തുകയും 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബസുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly